**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 364** **23-07-2021 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വീട് നൽകിയിട്ടുണ്ട്; വിശദവിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | ലൈഫ് പദ്ധതി പ്രകാരം തയ്യാറാക്കിയിട്ടുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവന രഹിതരുടെ പട്ടികയിൽ ഉൾപ്പെട്ട 22077 പേരിൽ, അർഹരായ 12873 ഗുണഭോക്താക്കളിൽ 11992 പേർ കരാറിൽ ഏർപ്പെട്ട് നിർമ്മാണം ആരംഭിക്കുകയും 9135 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഭൂരഹിത ഭവനരഹിത കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടവരിൽ സ്വന്തം നിലയിലും വിവിധ സർക്കാർ/സർക്കാരിതര ഏജൻസികളുടെ സഹായത്താലും ഭൂമി ആർജ്ജിച്ച 4785 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിൽ 3643 ഗുണഭോക്താക്കൾ ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ കരാറിൽ ഏർപ്പെട്ട് നിർമ്മാണം ആരംഭിക്കുകയും ആയതിൽ 1252 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി തന്നിരിക്കുന്നു . |
| (ബി) | പട്ടികജാതി വികസന വകുപ്പ് ലൈഫ് ഭവന പദ്ധതിയിലേക്ക് ഇതുവരെ എത്ര തുക നൽകിയിട്ടുണ്ട്; വർഷാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ? | (ബി) | 2018-19 വർഷം വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന തുകയിൽ നിന്നും 61.30 കോടി രൂപയും 2020-21 വർഷം ലൈഫ് പദ്ധതിയ്ക്കായി വകയിരുത്തിയ തുകയിൽ നിന്ന് 245 കോടി രൂപയും ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ